പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7407 — 14.07.2014 ലെ മറുപടിയ്ക്ക്

**വേനൽമഴയിലുണ്ടായ കൃഷി നാശത്തിന് സഹായധനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.എസ്.സലീഖ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ വേനൽമഴയിൽ ഉണ്ടായ കൃഷി നാശത്തിന് വിധേയരായ കർഷകർക്ക് നൽകുന്നതിനായി എന്തു തുക വകയിരുത്തിയെന്ന് വ്യക്തമാക്കുമോ; | (എ) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നിലവിൽ റവന്യൂ വകുപ്പിന്റെ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നാണ് ധനസഹായം നൽകുന്നത്. വേനൽമഴയിലുണ്ടായ കൃഷിനാശത്തിന് വിധേയരായ കർഷകർക്ക് വേണ്ടി പ്രത്യേകിച്ച് തുക വകയിരുത്തിയിട്ടില്ല. എന്നാൽ 2014-15 സാമ്പത്തിക വർഷം സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ധനസഹായമായി 11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) വേനൽമഴയിലെ കൃഷിനാശത്തിന്റെ ധനസഹായമായി എത്ര തുകയുടെ കേന്ദ്രസഹായം ആവശ്യപ്പെട്ടു; എന്തു തുക ലഭിച്ചു; | (ബി) വേനൽമഴയിലെ കൃഷിനാശത്തിന് ധനസഹായമായി 11002.82 ലക്ഷം രൂപയുടെ കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ട്. തുക ഇതുവരെ ലഭിച്ചിട്ടില്ല. |
| (സി) ഇത്തരത്തിൽ കൃഷിനാശത്തിന് വിധേയരായ കർഷകർക്ക് നൽകുവാനുള്ള സഹായധനം ഇനി എത്ര അപേക്ഷകർക്ക് കൊടുത്തു തീർക്കുവാനുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (സി) കൃഷിനാശത്തിന് വിധേയരായ 44545 അപേക്ഷകർക്ക് ഇനിയും സഹായധനം കൊടുത്തു തീർക്കുവാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) പ്രസ്തുത സഹായധനം ഇവർക്ക് എപ്പോൾ നൽകുമെന്ന് വ്യക്തമാക്കുമോ? | (ഡി) സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം വിതരണം ചെയ്യാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | കൃഷിനാശത്തിന് വിധേയരായ കർഷകരിൽ ഇനിയും ധനസഹായം ലഭിക്കാനുള്ളവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 3933 |
| കൊല്ലം | 1614 |
| ആലപ്പുഴ | 4022 |
| പത്തനംതിട്ട | 1096 |
| കോട്ടയം | 1920 |
| ഇടുക്കി | 1248 |
| എറണാകുളം | 7288 |
| തൃശ്ശൂർ | 1534 |
| പാലക്കാട് | 1115 |
| മലപ്പുറം | 5475 |
| കോഴിക്കോട് | 1997 |
| വയനാട് | 7497 |
| കണ്ണൂർ | 1283 |
| കാസർഗോഡ് | 4523 |
| **ആകെ** | **44545** |

സെക്ഷൻ ഓഫീസർ